**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2581** **17-03-2022 - ൽ മറുപടിയ്ക്ക്**

**എം.എസ്.എം.ഇ. കളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എം.എസ്.എം.ഇ. കളെ പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് എം.എസ്.എം.ഇ. കളെ പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധവകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലകപോർട്ടൽ ആയി കെ-സ്വിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മൂന്നു വർഷത്തേക്ക് സംസ്ഥാന നിയമപ്രകാരം ഉള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്നു വർഷത്തേക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്.<br>വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷ നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്തുവാൻ ഉള്ള നടപടികൾ വകുപ്പ് തലങ്ങളിൽ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെസ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനും ഉള്ള നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സേവനങ്ങളും മറ്റു |

വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ് ഒരു യൂറ്റ്യൂബ് ചാനൽ ആരംഭിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ വിവിധവകുപ്പുകളുടെ പരിശോധനനടപടികൾ ഏകോപിക്കുന്നതിനുള്ള കേരളാ സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം (K-CIS) നിലവിൽ വന്നിട്ടുണ്ട്. നിക്ഷേപകരുടെ പരാതി പരിഹരിക്കാൻ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സിവിൽ കോടതിയുടെ അധികാരമുള്ള, ജില്ലാ-സംസ്ഥാന തലപരാതി പരിഹാരകമ്മിറ്റികൾ 2021ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശവികസനവും (ഭേദഗതി) ഓർഡിനൻസ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി
കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ ഒരുകാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ചെറുകിട, ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുവാനും നിലവിലെ സംരംഭങ്ങൾ നടത്തുവാനും കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനും കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.25% -10.25%) 100 കോടി രൂപ വരെ വായ്പയായി നല്കി വരുന്നു. മാത്രമല്ല ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പ്രത്യേക പരിഗണനയും കെഎസ്ഐഡിസി നൽകി പോരുന്നുണ്ട്. കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ പ്രഖ്യാപിച്ചതും, വായ്പ തുക ഉയർത്തിയതും അപേക്ഷ ഫോറം ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതും കോവിഡ്-19 തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രത പാക്കേജും സമാശ്വാസ പദ്ധതി പാക്കേജും പ്രഖ്യാപിച്ചതും ഒക്കെ സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായികൾക്കും നിലവിൽ വ്യവസായം നടത്തികൊണ്ടിരിക്കുന്നവർക്കും ഒരു പോലെ പ്രോത്സാഹനവും സഹായവും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളതും സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിന്റെയും ഭാഗമായിട്ടാണ്. സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകൈയെടുത്ത് കെഎസ്ഐഡിസി മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ

| | | | |
|---|---|---|---|
| | | | അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രെഡ്സ് (ട്രേഡ് റിസീവബിൾ ഡിസ്കൗണ്ടിംഗ് സിസ്റ്റം) നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഉത്പന്നങ്ങൾക്കോ സേവനങ്ങൾക്കോ ഉള്ള തുക എം.എസ്.എം.ഇ. കൾക്ക് താമസം കൂടാതെ ലഭ്യമാക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ വിവിധ ബാങ്കുകളുമായി ചേർന്ന് പ്രോൽസാഹിപ്പിക്കുന്ന സംവിധാനം ആണ് ട്രെഡ്സ് (TReDS). ഈ സംവിധാനത്തിൽ സെല്ലർ (seller) ആയ എം.എസ്.എം.ഇ കൾക്ക് ഉത്പന്നത്തിന്റെയോ സേവനത്തിന്റെയോ ബിൽ അപ്‌ലോഡ് ചെയ്ത് 24 മണിക്കൂറിനകം ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ബിൽ തുക ലഭിക്കുകയും ബയർ (buyer) ഈ തുക ധനകാര്യ സ്ഥാപനത്തിന് മുൻ നിശ്ചയിച്ച വ്യവസ്ഥകൾക്ക് അനുസൃതമായി നൽകുന്നതുമാണ് ഈ സംവിധാനത്തിന്റെ പ്രവർത്തനം. ഈ സംവിധാനത്തിലേക്ക് സർക്കാർ പൊതുമേഖല സ്ഥാപനങ്ങളെ ബയർ (buyer) ആയി രജിസ്റ്റർ ചെയ്യിച്ച് സർക്കാർ പ്രൊക്യൂവർമെന്റിൽ പങ്കെടുക്കുന്ന എം.എസ്.എം.ഇ കൾക്ക് ട്രെഡ്സ് (TReDS) സമ്പ്രദായത്തിന്റെ ഫലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | എം.എസ്.എം.ഇ. കൾ ട്രെഡ്സ്-ൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കാമോ? | (സി) | ട്രെഡ്സ് സംവിധാനത്തിന്റെ ഗുണങ്ങൾ എം.എസ്.എം ഇ- കൾക്ക് ലഭ്യമാകുന്നതിനു റിസർവ് ബാങ്ക് അംഗീകൃത ട്രെഡ്സ് പ്ലാറ്റ്ഫോമുകളിൽ സെല്ലർ ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ FAQ പേജിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ